**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **15-10-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | പ്രാഥമിക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ വിറ്റഴിക്കുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ് സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ് സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ഓണം വിപണിയിൽ ഇടപ്പെട്ട് ആകെ 1507 ഓണചന്തകൾ സംഘടിപ്പിച്ചിരുന്നു. ഉത്സവകാല സബ് സിഡി വിപണികളിലൂടെയും സാധാരണ സമയങ്ങളിൽ പൊതു കമ്പോളത്തേക്കാൾ വിലക്കുറവിലും അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ